ലൈസൻസ് ഫീസ് കുത്തനെ കൂട്ടിയത് വ്യാപാരികൾക്ക് തിരിച്ചടിയായി

ആലക്കോട്: വ്യാപാര സ്ഥാപനങ്ങൾക്കുള്ള പഞ്ചായത്ത് ലൈസൻസ് ഫീസ് കുത്തനെ കൂട്ടിയ സർക്കാർ നടപടി വ്യാപാരികളിൽ വ്യാപക പ്രതിഷേധമുയർത്തുന്നു. ലൈസൻസ് ഫീസ് ഒറ്റയടിക്ക് കുത്തനെ വർദ്ധിപ്പിച്ചുവെന്നാണ് പരാതി. പുതുക്കുന്നതിനും പുതിയ ലൈസൻസിനുമുള്ള ഫീസ് ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. നൂറ് രൂപയായിരുന്നത് 500 രൂപയായും, 800രൂപയായിരുന്നത് 2200 രൂപ വരെയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. പുതിയ ലൈസൻസ് എടുക്കുന്നതിന് 100രൂപ മുതൽ 700 രൂപ വരെയായിരുന്നത് ഒറ്റയടിക്ക് 2000രൂപ വരെയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഓരോ വർഷവും പുതുക്കേണ്ടതാണ് വ്യാപാര ലൈസൻസ്. ഭീമമായ വർദ്ധനവ് താങ്ങാൻ കഴിയില്ലെന്നാണ് വ്യാപാരികൾ പറയുന്നത്. വിവിധ നികുതികളുടെയും ലൈസൻസുകളുടെയും പേരിൽ ഇപ്പോൾ തന്നെ വൻതുക അടയ്ക്കേണ്ടിവരുന്ന സ്ഥാനത്ത് മൂന്നിരട്ടിവരെയുള്ള വർദ്ധനവ്, കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനിടെ തങ്ങൾക്ക് ഇരുട്ടടിയായി മാറിയെന്നാണ് വ്യാപാരികളുടെ പരാതി.

തൃച്ചംബരത്ത് ഇന്നും നാളെയും

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഇന്ന് ഒമ്പത് മണി മുതൽ പത്ത് മണിവരെ തളിപ്പറമ്പിലെ ഹൃദ്യ വിജയൻ അവതരിപ്പിക്കുന്ന സംഗീത കച്ചേരി, രാത്രി പത്ത് മണി മുതൽ തളിപ്പറമ്പ ചിലങ്ക കലാക്ഷേത്രം അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ. രാത്രി ഒരു മണിക്ക് തായമ്പക. പൂക്കോത്ത് നടയിൽ രാത്രി ഏഴ് മണി മുതൽ സംവിധായകൻ രാജസേനൻ നയിക്കുന്ന താളമേളലയം. പുലർച്ചെ പൂക്കോത്ത് നടയിലേക്ക് ഉത്സവം എഴുന്നള്ളിപ്പ്.

നാളെ രാവിലെ ആറ് മണി മുതൽ ഒമ്പത് മണി വരെ നാരായണീയ പാരായണം, 9.30ന് സി. ഭാനുമതി ടീച്ചറും ശിഷ്യരും അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി, 11 മണിക്ക് നൃത്തനൃത്യങ്ങൾ, രാത്രി 9 മുതൽ പയ്യന്നൂർ പഞ്ചവാദ്യ സംഘം അവതരിപ്പിക്കുന്ന പഞ്ചവാദ്യം, രാത്രി പത്ത് മണിക്ക് രതീഷ് കുമാർ നയിക്കുന്ന സ്റ്റാർ വോയ്സ് കണ്ണൂരിന്റെ ഭക്തിഗാനമേള. പൂക്കോത്ത് നടയിൽ രാത്രി 7.30ന് കേരള ഫോക്‌ലോർ അക്കാദമിയുടെ സഹകരണത്തോടെ നന്ദ നാടൻ കലാ- നാട്ടറിവ് പഠന കേന്ദ്രം അവതരിപ്പിക്കുന്ന ഗോത്രപ്പൊലിമ, രാത്രി ഒരു മണിക്ക് തായമ്പക, പുലർച്ചെ പൂക്കോത്ത് നടയിലേക്ക് ഉത്സവം എഴുന്നള്ളത്ത്.

ചെങ്ങൽ വയനാട്ട് കുലവൻ ദേവസ്ഥാനം കളിയാട്ടം 13 മുതൽ

പഴയങ്ങാടി: ചെങ്ങൽ വയനാട്ട് കുലവൻ ദേവസ്ഥാന കളിയാട്ട മഹോത്സവം 13, 14 തീയതികളിൽ നടക്കും. 13ന് രാവിലെ ഗണപതി ഹോമം, വൈകീട്ട് അഞ്ചിന് തിടങ്ങൽ തുടർന്ന് കണ്ടനാർ കേളൻ വെള്ളാട്ടം, രാത്രി എട്ടിന് വയനാട്ട് കുലവൻ വെള്ളാട്ടം, പത്തിന് കുടിവീരൻ തോറ്റം, 12ന് കുടിവീരൻ ദൈവം എന്നിവ നടക്കും. 14ന് പുലർച്ചെ അഞ്ച് മണിക്ക് കണ്ട നാർ കേളൻ ദൈവം പുറപ്പാട്, രാവിലെ ഏഴിന് വയനാട്ട് കുലവൻ ദൈവം പുറപ്പാട് തുടർന്ന് ഗുളികൻ ദൈവം പുറപ്പാട്. ഉച്ചക്ക് രണ്ടിന് സമാപനം.

ജുന്ന സാധുസാഹയ സമിതി പൂവം-പന്നിയൂർ റോഡിൽ നിർമ്മിക്കുന്ന കെ.വി.കാരുണ്യ ഭവനങ്ങളുടെ കുറ്റിയടിക്കൽ കർമ്മം സഫ്‌വാൻ കോയ തങ്ങൾ അൽ ബുഖാരി നിർവഹിക്കുന്നു

കെ.വിയുടെ സ്മരണയ്ക്കായി രണ്ട് നിർധനർക്ക് വീടുകൾ ഒരുങ്ങുന്നു

തളിപ്പറമ്പ: മുസ്ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ടും തളിപ്പറമ്പ് നഗരസഭ മുൻ ചെയർമാനുമായിരുന്ന കെ.വി.മുഹമ്മദ്കുഞ്ഞി മാസ്റ്ററുടെ സ്മരണയ്ക്കായി രണ്ട് നിർധനർക്ക് വീടുകൾ ഒരുങ്ങുന്നു. തളിപ്പറമ്പിലെ ജീവകാരുണ്യ പ്രവർത്തന രംഗത്ത് രണ്ട് പതിറ്റാണ്ടായി സജീവ പ്രവർത്തനങ്ങൾ നടത്തുന്ന ജുന്ന സാധു സഹായ സമിതിയാണ് ഈ വീടുകൾ നിർമ്മിക്കുന്നത്. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ പൂവ്വം-പന്നിയൂർ റോഡിലാണ് ഇവ പണിയുക. മുസ്ലിംലീഗ് നടത്തുന്ന ബൈത്തുറഹ്മ മാതൃകയിലാണ് കെ.മുഹമ്മദ്കുഞ്ഞി മാസ്റ്ററുടെ സ്മാരകമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയെന്ന് ജുന്ന ഭാരവാഹികൾ വ്യക്തമാക്കി. സ്വകാര്യ വ്യക്തി സൗജന്യമായി വിട്ടു നൽകിയ ഒമ്പത് സെന്റ് സ്ഥലത്താണ് അതിന്റെ പ്രവൃത്തി ആരംഭിച്ചത്. ആകെ പതിനെട്ട് ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് 750 സ്കയർ ഫീറ്റ് വീതമുള്ള വീടുകൾ പണികഴിപ്പിക്കുന്നത്. രണ്ടു ബെഡ്റൂമുകൾ, അടുക്കള, ശുചിമുറി, ഹാൾ, വരാന്ത തുടങ്ങി എല്ലാ സൗകര്യങ്ങളും ഇരുവീടുകളിലും ഒരുക്കും. നിർധനരായ രണ്ടു വ്യക്തികളെ മഹല്ല് കമ്മിറ്റികളുടെയും മുസ്ലിംലീഗ് പ്രാദേശിക കമ്മിറ്റികളുടെയും സഹായത്തോടെ കണ്ടെത്തും. ഒരു വർഷത്തിനകം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി അർഹരായവർക്ക് കൈമാറാനാണ് ജുന്ന പ്രവർത്തകരുടെ പരിശ്രമം. ഇതിന്റെ കുറ്റിയടിക്കൽ കർമ്മം സയ്യിദ് സഫ്‌വാൻ കോയ തങ്ങൾ അൽ ബുഖാരി ഏഴിമല നിർവഹിച്ചു. കെട്ടിട നിർമ്മാണ കമ്മിറ്റി ചെയർമാൻ അഷ്റഫ് ഇച്ചൂടി അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ്, മുസ്ലിംലീഗ് ജില്ലാ സെക്രട്ടറി ഇബ്രാഹിംകുട്ടി തിരുവട്ടൂർ, മണ്ഡലം പ്രസിഡണ്ട് സി.പി.വി.അബ്ദുല്ല, മുസ്ലിം യൂത്ത്‌ലീഗ് മണ്ഡലം ജന. സെക്രട്ടറി അലി മംഗര, നജീബ് ബാഖവി, ഹാഷിർ ബാഖവി, ആലിക്കുഞ്ഞി പന്നിയൂർ, സി.ഉമ്മർ, കെ.മുസ്തഫ ഹാജി, കെ.പി.നൂറുദ്ദീൻ ഹാജി, എ.അബ്ദുല്ല ഹാജി, ജബ്ബാർ കുട്ടൻ, കെ.എസ്.റിയാസ്, വി.താജുദ്ദീൻ, പീച്ചാൻ മുസ്തഫ, സി.മുഹമ്മദ് സിറാജ്, കെ.വി.കെ.അയ്യൂബ്, ഷമീം ലൈം സംസാരിച്ചു. എ.പി.ഇബ്രാഹിം സ്വാഗതവും സലിം ഗ്രാന്റ് നന്ദിയും പറഞ്ഞു.

വനിതകൾക്കായി കണ്ണൂരിൽ സംഘടിപ്പിച്ച ടൂവീലർ റാലി പി.പി.ദിവ്യ ഫ്ളാഗ് ഓഫ് ചെയ്യുന്നു

സ്ത്രീകൾക്കായി ടൂവീലർ റാലി സംഘടിപ്പിച്ച് ടീം യാത്രികൻ

കണ്ണൂർ: ലോക വനിതാ ദിനത്തോടനുബന്ധിച്ച് യാത്രാ സ്നേഹികളുടെ ഫേസ്ബുക്ക് ഗ്രൂപ്പ് ആയ യാത്രികൻ കണ്ണൂരിൽ വുമൺസ് ടൂവീലർ റാലി സംഘടിപ്പിച്ചു. 'വരൂ സ്വപ്നങ്ങൾക്ക് മീതെ പറന്നുയരാം' എന്ന സന്ദേശവാക്യത്തിൽ, ഏത് പ്രായക്കാരായ സ്ത്രീകളെയും റോഡ് മാർഗമുള്ള യാത്രയെ പ്രോൽസാഹിപ്പിക്കുക എന്ന ഉദ്യേശത്തോടെ ആണ് റാലി നടത്തിയത്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി. പി. ദിവ്യ ഫ്ളാഗ് ഓഫ് ചെയ്തു. യാത്രികൻ ഗേൾസ് വിംഗ് അഡ്മിൻ മാതമംഗലം സ്വദേശിനി അശ്വതി സന്തോഷ് ആണ് റാലി നയിച്ചത്. തുടർന്ന് നാൽപ്പതോളം സ്ത്രീകൾ അണിനിരന്ന റാലി കണ്ണൂർ കാൽടെക്സിൽ നിന്ന് ആരംഭിച്ച് നഗരത്തിലൂടെ സഞ്ചരിച്ച് പയ്യാമ്പലം കടൽത്തീരത്ത് അവസാനിച്ചു.

യാത്രികൻ അഡ്മിൻസ് ആയ അഷ്ക്കർ അഹമ്മദ്, വിഭീഷ്, ഷിനറീർ എന്നിവർ നേതൃത്വം നൽകി.

ആലക്കോട് പഞ്ചായത്ത് ഫാം പ്ലാൻ തയ്യാറാക്കലുമായി ബന്ധപ്പെട്ടുള്ള ശിൽപ്പശാല പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്യുന്നു.

വാർഷികാഘോഷം സംഘടിപ്പിച്ചു

പയ്യാവൂർ: ചന്ദനക്കാംപാറ ക്രൈസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വാർഷികാഘോഷം നടത്തി. സെൽഫ് ഫിനാൻസിങ്ങ് സ്കൂൾ ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് രാമദാസ് കതിരൂർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ജീവൻരാജ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ശാലിനി സജി, രാജമ്മ കാക്കശേരിൽ, മുഹമ്മദ് അഷ്റഫ്, എ.കെ.ചന്ദ്രമോഹൻ, കെ.ടി.മൈക്കിൾ, സണ്ണി പാമ്പായിൽ, തങ്കമ്മ ജോൺ സംസാരിച്ചു.

നിവേദനം നൽകി

ശ്രീകണ്ഠപുരം: വനിതാദിനത്തോടനുബന്ധിച്ച് കേരള വിധവ വെൽഫെയർ സംഘത്തിന്റെ നേതൃത്വത്തിൽ തുടങ്ങുന്ന അമ്മ വീടിന് സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കലക്ടർക്ക് നിവേദനം നൽകി. സംസ്ഥാന പ്രസിഡണ്ട് ത്രേസ്യാമ്മ മാത്യു, ഇന്ദിര നെല്ലിപ്പാറ, സുമതി പ്രഭാകരൻ, ആൻസി വെട്ടിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

റിസോഴ്സ് ഗ്രൂപ്പ് രൂപീകരണവും ശിൽപ്പശാലയും നടത്തി

ആലക്കോട്: ആലക്കോട് പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ് രൂപീകരണവും ഫാം പ്ലാൻ തയ്യാറാക്കലുമായി ബന്ധപ്പെട്ടുള്ള ശിൽപ്പശാലയും ആലക്കോട് വ്യാപാര ഭവനിൽ നടന്നു. പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്തു. അലീസ് ജോസഫ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർമാരായ പി. ചന്ദ്രമതി, ബിജു മുതുകാട്ടിൽ, മൃദുല രാജഗോപാൽ, നിഷ വിനു, സാലി ജയിംസ്, ലിസി വർഗീസ്, ഷിബി സനീഷ്, രാജലക്ഷ്മി, വൽസമ്മ വാണിശേരി, മിസി രാജു പ്രസംഗിച്ചു. കൃഷി ഓഫീസർ ടി.എൽ. അനൂപ് സ്വാഗതം പറഞ്ഞു. കൃഷി അസിസ്റ്റന്റ് കെ.സി. ജയരാജൻ സ്വാഗതവും ദീപ്തി സാബു നന്ദിയും പറഞ്ഞു. പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ പൊതുപ്രവർത്തകർ, കർഷക സംഘടനാ ഭാരവാഹികൾ, വാർഡ് വികസന സമിതി കൺവീനർമാർ, കുടുംബശ്രീ അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾക്ക് ശിൽപ്പശാല രൂപം നൽകി.

അനുശോചിച്ചു

പള്ളിക്കുന്ന്: പള്ളിക്കുന്ന് മണ്ഡലം കെ.എസ്എസ്.പി.എ പ്രസിഡണ്ട് എം. ബാലന്റെ നിര്യാണത്തിൽ ജില്ലാ കമ്മിറ്റി അനുശോചിച്ചു. പ്രസിഡണ്ട് കെ. രാമകൃഷ്ണൻ അധ്യക്ഷം വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് എം.പി വേലായുധൻ, സംസ്ഥാന സെക്രട്ടറി ടി. കരുണാകരൻ മാസ്റ്റർ, ജില്ലാ സെക്രട്ടറി കെ.സുധാകരൻ മാസ്റ്റർ, സി.വി. രഘു, അബ്ദുൾഖാദർ കുഞ്ഞ്, കെ.വി. തോമസ് സംസാരിച്ചു.

രയരോം ഗവ. ഹൈസ്കൂൾ വാർഷികം കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

തണൽമരം തൊലി ചെത്തി നശിപ്പിക്കാൻ ശ്രമം

ആലക്കോട്: റോഡരികിലെ തണൽ മരം നശിപ്പിക്കാൻ സാമൂഹ്യവിരുദ്ധരുടെ ശ്രമം. മാമ്പൊയിൽ ടൗണിലെ ബദാംമരമാണ് തൊലി ചെത്തി നശിപ്പിക്കാൻ ശ്രമം നടന്നത്. കഴിഞ്ഞ ദിവസം രാത്രിയിലാണ് സംഭവം. മാമ്പൊയിൽ പബ്ലിക് ലൈബ്രറി ആഭിമുഖ്യത്തിൽ വർഷങ്ങൾക്ക് മുമ്പ് നട്ടതായിരുന്നു മരം. തൊലി ചെത്തിയ ഭാഗം മണ്ണ് വെച്ച് കെട്ടി സംരക്ഷിക്കുന്നതിന് ലൈബ്രറി പ്രവർത്തകർ ശ്രമിച്ചുവരികയാണ്. മരത്തിന്റെ വിലാപം സൂചിപ്പിച്ചുള്ള ബോർഡും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

മാമ്പൊയിൽ ടൗണിൽ സാമൂഹ്യ വിരുദ്ധർ തൊലി ചെത്തി നശിപ്പിക്കാൻ ശ്രമിച്ച തണൽമരം.

കണിയഞ്ചാൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ഇതരഭാഷ പഠന പദ്ധതി ജോയി കൊന്നയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.

ഇതരഭാഷ പഠന പദ്ധതി ഉദ്ഘാടനം

ആലക്കോട്: ജില്ലാ പഞ്ചായത്തിന്റെയും സാക്ഷരതാ മിഷന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഇതര ഭാഷ പഠന പദ്ധതിയായ ഗുഡ് ഇംഗ്ലീഷ് കോഴ്സിന്റെ ഉദ്ഘാടനം കണിയഞ്ചാൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ജോയി കൊന്നയ്ക്കൽ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വി.എ. റഹിം അധ്യക്ഷത വഹിച്ചു. പി.ജെ. ഷീല, ജ്യോതി ജോർജ്, ഷൈനി ബിജു, പി. പുഷ്പ പ്രസംഗിച്ചു.

ഡോ. വി.പി. രാഘവൻ ലോക ചരിത്രമേളയിൽ പങ്കെടുക്കും

ശ്രീകണ്ഠപുരം: ചൈനയിൽ ജൂലൈ 21, 22 ദിവസങ്ങളിൽ നടക്കുന്ന നാലാമത് ഏഷ്യൻ ലോക ചരിത്ര സമ്മേളനത്തിൽ വി.പി. രാഘവൻ പങ്കെടുക്കും. ശ്രീകണ്ഠപുരം സ്വദേശിയും മുൻ എസ്.ഇ.എസ്. കോളേജ് പ്രിൻസിപ്പലാണ് ഡോ. വി.പി. രാഘവൻ. ചൈനയിലെ ചാങ്ങ്ചുൻ ഈസ്റ്റ് നോർമൽ സർവ്വകലാശാലയിലാണ് ഏഷ്യൻ ലോക ചരിത്ര സമ്മേളനം നടക്കുന്നത്. ഇന്ത്യയിലെ ജാതി വ്യവസ്ഥയും സാമ്പത്തിക അസമത്വങ്ങളും എന്ന വിഷയത്തിൽ ഡോ. രാഘവൻ ഗവേഷണ പ്രബന്ധം അവതരിപ്പിക്കും.

രോഗികൾക്കും നിരാലംബർക്കും സാന്ത്വനം പകർന്ന് ആർച്ച് ബിഷപ്പിന്റെ സന്ദർശനം

ആലക്കോട്: രോഗികൾക്കും നിരാലംബർക്കും സാന്ത്വനം പകർന്നുള്ള ആർച്ച് ബിഷപ്പിന്റെ ഇടവക സന്ദർശനം ശ്രദ്ധേയമായി. തലശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ടാണ് കഴിഞ്ഞ ദിവസം ഉദയഗിരി സെന്റ് മേരീസ് ഇടവകയിൽ ഔദ്യോഗിക സന്ദർശനത്തിനെത്തിയപ്പോൾ രോഗികളെയും വയോജനങ്ങളെയും സന്ദർശിച്ച് സാന്ത്വന സന്ദേശമേകിയത്. ജാതി മത ഭേദമന്യേ നിരവധി വീടുകളിൽ സന്ദർശനം നടത്തിയ അദേഹം ഓരോരുത്തരുടെയും കാര്യങ്ങൾ നേരിൽ ചോദിച്ചറിഞ്ഞു. അപൂർവ്വരോഗം ബാധിച്ച് വർഷങ്ങളായി തളർന്ന അവസ്ഥയിൽ കഴിയുന്ന ഉദയഗിരിയിലെ അൻഷാദ് ഉൾപ്പെടെ നിരവധി രോഗികളെ ആർച്ച് ബിഷപ്പ് സന്ദർശിച്ചു. ഉദയഗിരി പള്ളി വികാരി ഫാ.കുര്യാക്കോസ് മുണ്ടുപ്ലാക്കലും ബിഷപ്പിനൊപ്പമുണ്ടായിരുന്നു.

തലശേരി ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ട് ഉദയഗിരിയിലെ അൻഷാദിനെ സന്ദർശിക്കുന്നു

ശ്രീകണ്ഠപുരത്ത് യൂത്ത് കോൺഗ്രസ് നടത്തിയ പ്രതിഷേധ പ്രകടനം

യൂത്ത്കോൺഗ്രസ് പ്രകടനം

ശ്രീകണ്ഠപുരം: യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, കെ.എസ്.യു സംസ്ഥാന വൈസ് പ്രസിഡണ്ട് എന്നിവരെ ജാമ്യമില്ലാത്ത കള്ള കേസിൽ കുടുക്കി അറസ്റ്റ് ചെയ്തുവെന്നാരോപിച്ച് യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ശ്രീകണ്ഠപുരത്ത് പ്രതിഷേധ പ്രകടനം നടത്തി.

ജിത്തു തോമസ്, രഞ്ജിത് നടുവിൽ, ബിജേഷ് ആന്റണി, കെ.പി.ലിജേഷ്, എ.കെ.വാസു, ബിജു എസ്.നായർ, ഷാജി, അസമീൻഖാൻ, ജംഷീർ, ജസീർ, അഭിജിത്ത്, ഐബിൻ, സിജോ മറ്റപ്പള്ളി നേതൃത്വം നൽകി.

എം. അബ്ദുറഹ്മാനെ അനുസ്മരിച്ചു

കണ്ണൂർ: മുതിർന്ന മാധ്യമ പ്രവർത്തകൻ എം. അബ്ദുറഹിമാന്റെ നിര്യാണത്തിൽ കേരള മദ്യനിരോധന സമിതി ജില്ലാ കമ്മിറ്റി യോഗം അനുശോചനം രേഖപ്പെടുത്തി.

പ്രസിഡണ്ട് ടി.പി.ആർ. നാഥ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ദിനു മൊട്ടമ്മൽ, രാജൻ തീയറേത്ത്, പി. കൃഷ്ണൻ നമ്പീശൻ, ഐ.സി. മേരി, കവിയൂർ രാഘവൻ, ചന്ദ്രൻ മന്ന, മായൻ വേങ്ങാട്, പ്രൊഫ. എം.ജി. മേരി, പി.വി. രാജമണി, സൗമി ഇസബൽ സംസാരിച്ചു.

കണ്ണൂർ: കണ്ണൂർ ദേശീയ സാഹിത്യ കലാവേദി വർക്കിംഗ് കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ചിത്രകാരൻ പ്രൊഫ. ദാസൻ പുത്തലത്ത് അധ്യക്ഷത വഹിച്ചു. സെക്രട്ടറി സുകുമാർ കൂടാളി, ദേവി ദാസ് പാലങ്ങാടൻ, പ്രഭാകരൻ അരിപ്ര സംസാരിച്ചു.

കണ്ണൂർ: സംസ്കാര സാഹിതി ജില്ലാ കമ്മിറ്റി യോഗം അനുശോചിച്ചു. ജില്ലാ ചെയർമാൻ സുരേഷ് കൂത്തുപറമ്പ് അധ്യക്ഷം വഹിച്ചു. പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ്, കോറമംഗലം നാരായണൻ നമ്പൂതിരി, എം. പ്രദീപ്കുമാർ, കാരയിൽ സുകുമാരൻ, എം. രത്നകുമാർ, ദിലീപൻ മാസ്റ്റർ, ഡോ. വി.എ. അഗസ്റ്റിൻ, ആനന്ദ് നാറാത്ത് പ്രസംഗിച്ചു. പി.സി. രാമകൃഷ്ണൻ സ്വാഗതവും കെ. പ്രമോദ് നന്ദിയും പറഞ്ഞു.

രമേശൻ അനുസ്മരണ സമ്മേളനം 13ന്

കണ്ണൂർ: 1981ൽ ചൂതാട്ട വിരുദ്ധ സമരത്തിൽ കൊല്ലപ്പെട്ട രമേശന്റെ 37-ാം രക്തസാക്ഷി ദിനത്തിന്റെ ഭാഗമായി സി.പി.ഐ (എം.എൽ) റെഡ്സ്റ്റാർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 13ന് വൈകീട്ട് അഞ്ച് മണിക്ക് കണ്ണൂർ പഴയബസ്സ്റ്റാന്റ് പരിസരത്ത് രമേശൻ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും.

രയരോം സ്കൂൾ വാർഷികം ആഘോഷിച്ചു

ആലക്കോട്: രയരോം ഗവ. ഹൈസ്കൂളിന്റെ 64-ാം വാർഷികവും സർവ്വീസിൽ നിന്ന് വിരമിക്കുന്ന ആൻസി മാർക്കോസിനുള്ള യാത്രയയപ്പ് സമ്മേളനവും കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത അധ്യക്ഷത വഹിച്ചു. ആലക്കോട് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ എൻഡോവ്മെന്റ് വിതരണം നിർവഹിച്ചു. ജനപ്രതിനിധികളായ സുമിത്ര ഭാസ്ക്കരൻ, ജെസി , പി.സി. ആയിഷ, ഷിബി സനീഷ്, എം.കെ. ബിന്ദു, ഡി.ഇ.ഒ എൻ. ഗീത, കെ.കെ. ഉണ്ണികൃഷ്ണൻ, ഇ.പി. രാജു, എ. ആർ. പ്രസാദ്, ജോസ് പുള്ളിറ്റ്, ജയിൻ താരാമംഗലം, വി.വി. അബ്ദുള്ള, എം.എസ്. മോഹനൻ, സണ്ണി അമ്പാട്ട്, ജോസ് തെക്കേമല, ഷൈൻ പുതുപ്പറമ്പിൽ, ജോയി കാരിക്കാട്ടിൽ, കെ. എസ്. മുരളി, കെ.കെ. രവീന്ദ്രൻ, ജാൻസി സാബു, കെ.കെ. വാണിദാസ്, പി.എ. ഗ്രേസിക്കുട്ടി, ആൻസി മർക്കോസ് പ്രസംഗിച്ചു. പി.ടി.എ പ്രസിഡണ്ട് പി. മനോജ് സ്വാഗതവും ഹെഡ്മാസ്റ്റർ കെ.വി. ബാബുരാജ് നന്ദിയും പറഞ്ഞു.

വീടും സ്ഥലവും വിൽപ്പനക്ക്
ചുഴലി ചാലുവയലിൽ വെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളുള്ള 70 സെന്റ് കൃഷിഭൂമിയും (റബർ) വീടും വിൽപ്പനക്ക്. ആവശ്യക്കാർ ഉടൻ ബന്ധപ്പെടുക.
Ph: 9946699006

റെഡിമെയ്ഡ് ഷോപ്പ് വിൽപ്പനക്ക്
ആലക്കോട് ടൗണിൽ നല്ല നിലയിൽ പ്രവർത്തിച്ച് വരുന്ന റെഡിമെയ്ഡ് ഷോപ്പ് വിൽപ്പനക്ക്. ബന്ധപ്പെടുക.
PH: 9400045456

വീട് വിൽപ്പനക്ക്
മലയോര മേഖലയുടെ സിരാകേന്ദ്രമായ കരുവഞ്ചാൽ ടൗണിന് സമീപം പ്രകൃതി രമണീയമായ മീൻപറ്റിയിൽ മെയിൻ റോഡിൽ നിന്ന് 500 മീറ്റർ മാത്രം മാറി എല്ലാവിധ സൗകര്യങ്ങളുമുള്ള വീട് വിൽപ്പനക്ക്. ബന്ധപ്പെടുക.
9895143394
9495119966

വാടകക്ക് വീട് ആവശ്യമുണ്ട്
തളിപ്പറമ്പ ടൗണിന് അഞ്ച് കിലോമീറ്ററിനുള്ളിൽ നാല് അംഗ കുടുംബത്തിന് വാടകയ്ക്ക് വീട് ആവശ്യമുണ്ട്. 2-3 ബെഡ്റൂം.
9895223646
9656450751

ഹോം സർവീസ്
എ.സി, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, മൈക്രോവേവ് ഓവൻ, ഇൻവേർട്ടർ, ട്യൂബുലാർ ബേറ്ററി എന്നിവയുടെ സർവ്വീസ് ഉത്തരവാദിത്തത്തോടുകൂടി വീടുകളിലെത്തി സർവ്വീസ് ചെയ്തുകൊടുക്കുന്നു.
Mob: 9845247739, 8762925626
C. TECH SERVICE
Taliparamba
ട്രെയിനികളെയും ടെക്നീഷ്യൻമാരെയും ആവശ്യമുണ്ട്.

പാരമ്പര്യ ചികിത്സ (ഒറ്റമൂലി)
പാമ്പിൻ വിഷം, തേൾ, പഴുതാര, കടന്നൽ, എട്ടുകാലി, എലിവിഷം, പൂച്ചവിഷം, മഞ്ഞപിത്തം രണ്ട് തരം, എല്ലാവിധ പൊള്ളൽ, കൊളസ്ട്രോൾ, പ്രഷർ, ടോൺസ്സൽ തുടങ്ങിയ ചികിത്സക്ക് സമീപിക്കുക
എം. എസ്. ഐപ്പ് വൈദ്യർ
Reg. No. 884/88
ഏഴാംമൈൽ, തളിപ്പറമ്പ Mob: 8281546184